**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1338** **12-02-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരവകുപ്പും സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി പ്രവർത്തിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയുടെ ആധുനികവത്കരണത്തിനും മുന്നേറ്റത്തിനും നൂതനാശയങ്ങളും ആധുനിക സാങ്കേതികവിദ്യയും സംരംഭകത്വവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ നൂതന ആശയങ്ങൾ, സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ പരിവർത്തനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റാർട്ട് മിഷനും ടൂറിസം വകുപ്പും ഒരുമിച്ച് പ്രവർത്തിക്കുവാൻ ധാരണയായിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാര മേഖലയുടെ കുതിപ്പിനായി വിനോദസഞ്ചാരവകുപ്പും കേരളസ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി പ്രവർത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സാങ്കേതികവിദ്യയും നൂതന ആശയങ്ങളും കോർത്തിണക്കിക്കൊണ്ട് സ്റ്റാർട്ടപ്പുകളിലൂടെ ടൂറിസം മേഖലയുടെ കുതിപ്പിന്റെ വേഗത വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് കേരളസ്റ്റാർട്ടപ്പ് മിഷനും ടൂറിസം വകുപ്പും ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ആരംഭിച്ച കാരവൻ ടൂറിസത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; ആധുനിക കാരവൻ പാർക്കുകളുടെ നിർമ്മാണത്തിന് സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായി 14 കാരവനുകൾ വകുപ്പിൽ രജിസ്റ്റർ ചെയ്ത് സഞ്ചാരികൾക്കായി സർവീസ് നടത്തുന്നുണ്ട്. ടി സംരംഭകർക്ക് നിക്ഷേപ ധനസഹായമായി 1 കോടി 5 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് പ്രവർത്തിച്ചുവരുന്നു. കാസറഗോഡ് ബേക്കലിലും എറണാകുളം ബോൾഗാട്ടിയിലും കെ.റ്റി.ഡി.സി-യുടെ മേൽനോട്ടത്തിൽ കാരവൻ പാർക്കുകളുടെ നിർമാണം പുരോഗമിച്ചുവരുന്നു . കാരവൻ പാർക്കുകൾക്ക് നിക്ഷേപ ധനസഹായം നൽകുന്നതിനായി സ.ഉ.(കൈ) നം. 17/2024/TSM തീയതി 08.10.2024 പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>അന്താരാഷ്ട്ര നിലവാരത്തിലുള്ള യാത്ര അനുഭവങ്ങൾ നൽകിക്കൊണ്ട് ആഭ്യന്തര അന്തർദേശീയ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള കാരവൻ ടൂറിസത്തിന്റെ വികസനത്തിനായി ആധുനിക കാരവൻ പാർക്കുകൾ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട് . |
| (ഡി) | വിനോദസഞ്ചാര മേഖലയുടെ പ്രവർത്തനക്ഷമതയും ഉപഭോക്തൃ ഇടപെടലുകളും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കുമോ? | (ഡി) | ടൂറിസം മേഖലയ്ക്ക് അനുയോജ്യമായ നൂതന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനും ടൂറിസം മേഖലയുടെ പ്രവർത്തനക്ഷമതയും ഉപഭോക്തൃ ഇടപെടലും വർദ്ധിപ്പിക്കുന്ന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുമായി സ്റ്റാർട്ടപ്പുകൾക്ക് ഉത്തേജകമായി ഒരു ഹോസ്പിറ്റാലിറ്റി ആൻഡ് ടൂറിസം ഇന്നവേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ